കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ-അലാമിപ്പള്ളി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്- തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1738/12/തസ്വഭവ** **തിരുവനന്തപുരം, തീയതി:25/6/2012**

---

**പരാമർശം:-** 1. 29/7/09-ലെ സ.ഉ (എം.എസ്) 147/09/തസ്വഭവ

2. കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലിന്റെ 22/7/10, 27/7/11 എന്നീ തീയതികളിലെ യഥാക്രമം 8, 20 നമ്പർ തീരുമാനങ്ങൾ.
3. കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 31/5/11, 30/5/12 എന്നീ തീയതികളിലെ ഇ1-11638/10 നമ്പർ കത്തുകൾ
4. കാഞ്ഞങ്ങാട് നഗരസഭാ ചെയർമാന്റെ 1/8/11-ലെ ഇ1-11638/10 നമ്പർ കത്ത്.
5. കെ.യു.ആർ.ഡി. എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 2/6/11-ലെ KURDFC/ULB/103/07 നമ്പർ കത്ത്.
6. ഹഡ്കോയിൽ നിന്നുള്ള 3/8/11-ലെ HUDCO/TRO/Kanhangad/20020/2011-12 നമ്പർ കത്ത്.
7. നഗരകാര്യ ഡയറക്ടറുടെ 25/11/11, 23/5/12 എന്നീ തീയതികളിലെ ഡിസി3-8586/11 നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്രാവിഷ്കൃത IDSMT പദ്ധതിയിൽ ഉൾപ്പെടുത്തി അലാമിപ്പള്ളി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 1,13,66,040/- (ഒരു കോടി പതിമൂന്ന് ലക്ഷത്തി അറുപത്തി ആറായിരത്തി നാൽപ്പത് ) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് കാഞ്ഞങ്ങാട് നഗരസഭ വായ്പ സ്വീകരിച്ചിരുന്നു. എന്നാൽ ടി തുക ഉപയോഗിച്ച് നിർമ്മാണം തുടരാനാകാതെ വന്ന സാഹചര്യത്തിൽ നഗരസഭ ഹഡ്കോയുമായി ബന്ധപ്പെടുകയും കെ.യു.ആർ.ഡി.എഫ്.സി ലോൺ ഏറ്റെടുക്കുന്നതുൾപ്പെടെ പ്രസ്തുത നിർമ്മാണ പ്രവർത്തിയ്ക്ക് 500 ലക്ഷം രൂപ വായ്പ അനുവദിക്കാൻ ഹഡ്കോ സന്നദ്ധത പ്രകടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഏറ്റെടുപ്പിക്കുന്നതിനും ഷോപ്പിംഗ് കോംപ്ലക്സിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഹഡ്കോയിൽ നിന്ന് 500 ലക്ഷം രൂപ വായ്പ എടുക്കുന്നതിനും കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന് ഹഡ്കോയിൽ നിന്നും വായ്പ എടുക്കുമ്പോൾ ബാധ്യത പൂർണ്ണമായി തീർക്കണമെന്ന വ്യവസ്ഥയിൽ പരാമർശം (5) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി സമ്മതം നൽകിയിട്ടുണ്ട്.

(... 2)

2. പരാമർശം (3)ഉം (4)ഉം അനുസരിച്ചുള്ള കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെയും ചെയർമാന്റെയും അഭ്യർത്ഥനയുടെയും പരാമർശം (6) പ്രകാരമുള്ള ഹഡ്കോയുടെ സമ്മത പത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 500 ലക്ഷം രൂപ വായ്പയെടുക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുവാദം നൽകാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (7) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 29/7/09-ലെ സ.ഉ (എം.എസ്) 147/09/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾക്ക് വിധേയമായി അലാമിപ്പള്ളിയിൽ നിർമ്മിക്കുന്ന ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 500 ലക്ഷം രൂപ (അഞ്ഞൂറ് ലക്ഷം രൂപ) ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി വായ്പ സ്വീകരിക്കുമ്പോൾ നഗരസഭയ്ക്ക് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിലനിൽക്കുന്ന വായ്പാ ബാധ്യത പൂർണ്ണമായും തീർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ.അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ, കാസർഗോഡ്
റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, വഴുതക്കാട്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്